# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1633 10.02.2020- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രസർക്കാർ ഏറ്റവും ഒടുവിൽ വരുത്തിയ ഭേദഗതികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഏതെങ്കിലും ഇളവുകൾ വരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ഇളവുകൾ വരുത്തിയിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണ ചട്ടം 5(4) രണ്ടാം പ്രൊവിസോ പ്രകാരം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന 300 ച.മീ. വരെ മൊത്ത വിസ്തീർണ്ണമുള്ള ഏക കുടുംബ വാസഗൃഹങ്ങൾക്ക് ബാധകമാകുന്ന നിലവിലുള്ള തീരദേശ നിയന്ത്രണ മേഖല നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണ്. കൂടാതെ ചട്ടം 5(4) പ്രകാരം തീരദേശ നിയന്ത്രണ മേഖലയായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തെ നിർമ്മാണങ്ങൾക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ NOC ലഭ്യമാക്കേണ്ടതാണ്. |
| (ബി) | കടൽ, കായൽ, നദികൾ, തോടുകൾ എന്നിവയ്ക്ക് സമീപം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് നിലവിലുള്ള നിയന്ത്രണങ്ങളുടെ വിശദാംശം അറിയിക്കാമോ; | (ബി) | 2011 CRZ വിജ്ഞാപനത്തിന്റെ വ്യവസ്ഥകളും 2011 തീരദേശ പരിപാലന പ്ലാനുകളുമായിരിക്കും തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ സംസ്ഥാനത്ത് ബാധകമായിട്ടുള്ളത്.<br><br>പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീര പ്രദേശങ്ങളെ CRZ III - ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ, വേലിയേറ്റ സ്വാധീനമുള്ള കായൽ/നദി/തോട് എന്നിവയിൽ നിന്നും 100 മീറ്റർ അല്ലെങ്കിൽ വീതി, ഏതാണോ കുറവ് അത്രയും ഭാഗം വികസന നിഷിദ്ധ മേഖല (NDZ) ആണ്. |

| | | | |
|---|---|---|---|
| | | | കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും NDZ -ൽ പെടുന്ന ദൂരപരിധിക്കുള്ളിൽ നിബന്ധനകൾക്ക് വിധേയമായി മത്സ്യബന്ധനത്തൊഴിലാളികൾക്കും/പരമ്പരാഗത തീരദേശവാസികൾക്കും നിലവിലെ തറ വിസ്തീർണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ഭവനങ്ങളുടെ പുനർ നിർമ്മാണങ്ങളും, അറ്റകുറ്റ പണികളും അനുവദനീയമാണ്.<br><br>കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൈർഘ്യത്തിൽ അവികസിത മേഖലയും 200 - 500 മീറ്റർ വരെ നിയന്ത്രണ മേഖലയുമാണ്.<br><br>CRZ III - ൽ കടലിൽ നിന്നും 100 മീറ്ററിനും 200 മീറ്ററിനും പരിധിയിൽ മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരദേശ വാസികൾക്കും $100m^2$ വരെ തറ വിസ്തീർണ്ണമുള്ള പുതിയ ഭവന നിർമ്മാണം അനുവദനീയമാണ്.<br><br>CRZ III - ൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ അനുമതി നൽകാവുന്ന കെട്ടിടങ്ങളുടെ പരമാവധി ഉയരം 9 മീറ്റർ ആണ്. പ്ലിന്ത് ഏരിയയ്ക്ക് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.<br><br>മുനിസിപാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങൾ CRZ II - ൽ ഉൾപ്പെടുന്നു. ജലാശയത്തിന്റെ വേലിയേറ്റ രേഖയ്ക്കും പ്രസ്തുത നിർമ്മാണ സ്ഥലത്തിനും ഇടയിൽ അംഗീകൃത റോഡോ, കെട്ടിടമോ (1991-ന് മുമ്പ് നിലവിലുള്ളവ) ഉണ്ടെങ്കിൽ ആയതിന്റെ കരഭാഗത്ത് പുതിയ കെട്ടിട നിർമ്മാണം അനുവദിക്കുന്നു.<br><br>കായൽ ദ്വീപ് പ്രദേശങ്ങളിൽ ഗാർഹിക കെട്ടിട നിർമ്മാണങ്ങൾക്കായി 50 മീറ്റർ തീരദേശ ദൂരപരിധി കേരളത്തിലെ എല്ലാ തീരദേശ നിയന്ത്രണ മേഖലയിലും ബാധകമാണ്. |

| | | | |
|---|---|---|---|
| (സി) | കെട്ടിട നിർമ്മാണത്തിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ കെട്ടിക്കിടക്കുകയാണ് എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | G.O.(Rt)No.69/2013/S&TD dated 12.12.2013 പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. CRZ III-ൽ വികസന നിഷിദ്ധ മേഖലയായി കരുതപ്പെടുന്ന കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും, കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും ഇടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റ പണികളും, പുനർ നിർമ്മാണവും കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 100-200 മീറ്ററിനും ഇടയിൽ 100m$^2$ വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണവും പുനർ നിർമ്മാണവും, അറ്റകുറ്റപണികളും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽ നിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250m$^2$ വരെയുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും, CRZ II-ൽ 250m$^2$ വരെയുള്ള ഭവനങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും അനുമതി നൽകുന്നതിനുള്ള അധികാരവും 14.05.2018-ലേയും 26.06.2018-ലേയും ഉത്തരവ് 5194/എ 2/2017/KCZMA പ്രകാരം പ്രസ്തുത ജില്ലാ കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. തുടർന്ന് തീർപ്പാക്കാതെ കെട്ടിക്കിടന്ന അപേക്ഷകളെല്ലാം തന്നെ ടി ജില്ലാ കമ്മിറ്റികൾ വഴി തീർപ്പാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ